നം കെ.3 /11524/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി 16.01.2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – ആർട്സ് ആൻഡ് സയൻസ് , ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, സംസ്കൃത കോളേജ്, മ്യൂസിക് കോളേജ്, ഡെപ്യൂട്ടി ഡയറക്ടറേറ്റ്, ലോ കോളേജ്, ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് 2017 മാർച്ച് മാസം 31- തീയതി അവസാനിപ്പിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് ഖണ്ഡികയിൽ മേൽ Lack of responsiveness of Government to Audit എന്ന അക്കൌണ്ടന്റ് ജനറലിന്റെ പരാമർശത്തിൽ സ്വീകരിക്കേണ്ട നിർദ്ദേശം / നടപടി - സംബന്ധിച്ച്

സൂചന:- 06.01.2018 തീയതിയിലെ നം.പി1/314/17 നമ്പർ ഉ.വി.(പി) വകുപ്പിന്റെ കത്ത്

* * *

2017 മാർച്ച് മാസം 31- തീയതി അവസാനിപ്പിച്ച സാമ്പത്തിക വർഷത്തെ സി.ആന്റ് അക്കൌണ്ടന്റ് ജനറൽ (General and Social Sector) ഓഡിറ്റ് റിപ്പോർട്ടിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 2016-17 സാമ്പത്തിക വർഷം വരെ 440 ഇൻസ്പെക്ഷൻ റിപ്പോർട്ടുകളും (IR) 2045 ഖണ്ഡികകളും (paras) ഉണ്ടെന്നും എന്നാൽ ഇത് തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ നടപടി സ്വീകരിച്ചിട്ടില്ലായെന്നും ഇത് 'Lack of responsiveness of Government to Audit' ആണെന്നും അക്കൌണ്ടന്റ് ജനറൽ പരാമർശിച്ചിരിക്കുന്നു.

ഇത് വളരെയേറെ ഗൌരവമേറിയതാണെന്നും Hand Book of Instruction for the speedy settlement of audi6t objection inspection reports timely disposed of draft audit paragraphs-ൽ പരാമർശിക്കുന്നത് പ്രകാരം ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾക്ക് മറുപടി

73183

GOVERNMENT OF KERALA

നൽകാത്തത് വകുപ്പ് അദ്ധ്യക്ഷന്മാരുടെ ഗുരുതര വീഴ്ചയാണ് എന്നതും ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ ഈ വകുപ്പിന് കീഴിലെ ഓരോ സ്ഥാപന മേധാവിയും അവരുടെ വകുപ്പുമായി ബന്ധപ്പെട്ട ഇൻസ്പെക്ഷൻ റിപ്പോർട്ട് ഖണ്ഡിക എന്നിവയിന്മേൽ അടിയന്തിരമായി നടപടി സ്വീകരിച്ച് 24.01.2018 തീയതി 5 മണിയ്ക്ക് മുമ്പായി തപാൽ വഴി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ അക്കൌണ്ടന്റ് ജനറൽ അയച്ചു കൊടുക്കേണ്ടതായ ആദ്യ മറുപടിയും തീർപ്പാക്കേണ്ടതായ ഖണ്ഡികകളുടെ മറുപടിയും താങ്കളോട് പല തവണ ആവശ്യപ്പെട്ടുള്ളവയാണ്. അയച്ചു തരാത്തവർ മേൽ പ്പറഞ്ഞ തീയതിക്കകം തന്നെ അയച്ചു തരേണ്ടതാണ്. അല്ലാത്തപക്ഷം ഇതു സംബന്ധിച്ചുണ്ടാകുന്ന സർക്കാർ നടപടികൾക്ക് താങ്കൾ മാത്രമായിരിക്കും ഉത്തരവാദി എന്ന വിവരം എല്ലാ സ്ഥാപന മേധാവികളെയും ഇതിനാൽ അറിയിക്കുന്നു.

ഒപ്പ്/-
എം.എസ്.ജയ, ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

/അംഗീകാരത്തോടെ/

Kumar
സൂപ്രണ്ട്

പി.ജി.17.01.2018 Ka

73183

GOVERNMENT OF KERALA